വനഭൂമി ഏറ്റെടുത്ത അവസരത്തിൽ അവരുടെ കുറെ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. അത് അവർക്ക് തന്നെ തിരിച്ചേൽപ്പിക്കണമെന്നാണ്. അവിടെ അവർതന്നെ സ്വന്തമായി മരം വച്ചുകൊള്ളുമെന്നാണ് പറയുന്നത്. അവരുടെ ആ ആവശ്യം ഏതായാലും നമുക്ക് അംഗീകരിക്കാൻ സാദ്ധ്യമല്ല. അത് ഗവൺമെൻറിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയാണ്. അതു സംബന്ധിച്ച് കേസും നിലവിലുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചപോലെ അവരും ഗവൺമെൻറും (വനം വകുപ്പും) തമ്മിൽ സംയുക്തടിസ്ഥാനത്തിൽ ഏതെങ്കിലും സ്ഥലത്ത് പ്ലാൻറ് ചെയ്യാൻ പറ്റുമോ എന്നുള്ളതിനെപ്പറ്റി കഴിഞ്ഞ നിയമസഭയിൽ ഞാൻ പറഞ്ഞതിൻറെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാർ അവരുമായിട്ട് ചർച്ച നടത്തിയിട്ടുണ്ട്. അതുപോലെതന്നെ എച്ച്. പി. സി. യുമായി ചർച്ച നടത്തിയിട്ടുണ്ട്. അതുപോലുള്ള വൻകിടവ്യവസായങ്ങൾക്ക് അസംസ്കൃതപദാർത്ഥത്തിൻറെ ക്ഷാമം ഭാവിയിൽ പരിഹരിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരികയാണ്.

സഹകരണ പ്രസ്ഥാനത്തിന് അർഹതപ്പെട്ട ഗ്രാൻറ്, ലോൺ

81 *(123) ശ്രീ. കെ. ടി. കണാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. ഇ. ഇസ്മയിൽ:
,, കെ. വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിൻറെ കഴിഞ്ഞ വർഷങ്ങളിലെ പെർഫോർമൻസിൻറെ അടിസ്ഥാനത്തിൽ ഇക്കൊല്ലം കേന്ദ്രത്തിൽനിന്നും ലഭിക്കുവാനർഹതപ്പെട്ട ഗ്രാൻറ്, ലോൺ ഇനങ്ങളിലുള്ള തുക എത്ര?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): ഇക്കൊല്ലം കേന്ദ്രത്തിൽനിന്നും അഗ്രികൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടിലേക്ക് ഗ്രാൻറായി 18 ലക്ഷം രൂപയും ലോണായി രണ്ടുലക്ഷം രൂപയും കൺസ്യൂമർ സഹകരണ സംഘങ്ങളിലെ വികസനത്തിലേക്ക് ഗ്രാൻറായി 20 ലക്ഷം രൂപയും ലോണായി 70 ലക്ഷം രൂപയും ഓഹരിയായി 227 ലക്ഷം രൂപയും വകയിൽ ആകെ മൊത്തം 337 ലക്ഷം രൂപ കിട്ടുന്നതിനുവേണ്ടി സംസ്ഥാന ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ശരിക്ക് ലഭിക്കാനുള്ള തുക അതാതുസ്കീമനുസരിച്ച് പിന്നീടേ അറിയാൻ കഴിയുകയുള്ളു.

ശ്രീ. കെ. ടി. കണാരൻ: കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന ലോണും ഗ്രാൻറും സഹകരണമേഖലയിലെ ജീവനക്കാരുടെ താൽപ്പര്യത്തിനനുസരിച്ചാണോ വിനിയോഗിച്ചുവരുന്നത്? അങ്ങനെയാണെങ്കിൽ ഏതെല്ലാം രംഗങ്ങളിലാണ് ഈ തുക വിനിയോഗിക്കുന്നത് എന്നു വ്യക്തമാക്കുമോ?

ശ്രീമതി എം. കമലം: ഇങ്ങനെ ലഭിച്ചുവരുന്ന തുക മൊത്തത്തിൽ അതാതുസ്കീമനുസരിച്ചാണ് ചെലവഴിക്കുന്നത്. ജീവനക്കാരുടെ താൽപ്പര്യവും ഇതിൽ ഉൾക്കൊള്ളിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത് കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് ലഭിക്കുന്ന തുകയിൽ നിന്നുള്ള സ്റ്റെബിലൈസേഷൻ സ്കീം, അതായത് ലോൺ

LIBRARY ARCHIVES Kerala Legislative Assembly

കൺവർഷൻ സ്കീം, ആണ്; അതിലേക്കാണ് പ്രധാനമായും ഈ പണം വിനിയോഗിക്കുന്നത്. ഇത് കൃഷിനാശം വരുന്ന സമയത്താണ് വളരെ കാര്യമായി ഉപയോഗിക്കുന്നത്. കൃഷിനാശം വരുമ്പോൾ അതാത് പ്രദേശങ്ങളിലെ കൃഷി പൂർണ്ണമായും നശിച്ചു, 50 ശതമാനം നശിച്ചു എന്ന് അതാതു ജില്ലാ കളക്ടർ റിപ്പോർട്ടു ചെയ്യുന്ന സ്ഥലത്തെ കൃഷിക്കാർക്കും വരൾച്ചബാധിതപ്രദേശമായി കളക്ടർ പ്രഖ്യാപിക്കുന്ന സ്ഥലത്തെ കൃഷിക്കാർക്കും മാറുമാണ് പൂർണ്ണമായ സഹായം ലഭിക്കുന്നത്.

ശ്രീ. കെ. ടി. കണാരൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, കൃഷിനാശം സംഭവിക്കുന്ന സന്ദർഭങ്ങളിൽ ആ നാശത്തിന് വിധേയരായ ആളുകൾക്ക് സഹായകമായ തരത്തിൽ ഈ തുക വിനിയോഗിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് നടപടി സ്വീകരിക്കുമെന്ന്. അങ്ങനെ നടപടി സ്വീകരിച്ചോ? സ്വീകരിച്ചിട്ടുണ്ടെങ്കിൽ 1984-ലും 1985-ലും ഈ സംസ്ഥാനത്ത് കൃഷിനാശത്തിന് വിധേയരായിട്ടുള്ള ആളുകൾക്ക് അടിയന്തിരമായി ഈ സഹായം എത്തിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിൽ ദയവുണ്ടാകുമോ?

ശ്രീമതി എം. കമലം: 1984-ലാണ് വലിയ കൃഷിനാശമുണ്ടായത്. അന്ന് ബഡ്ജറ്റിൽ അഞ്ചുലക്ഷം രൂപയേ ഉണ്ടായിരുന്നുള്ളൂ. 300 ലക്ഷം രൂപ നമ്മൾ ഇതിനായി ചെലവുചെയ്തിട്ടുണ്ട്. 75 ശതമാനം ഗ്രാൻറായും 25 ശതമാനം ലോൺ ആയുമാണ് ഈ പണം തരുന്നത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് മുഖേനയാണ് ഇത് കൊടുക്കുന്നത്. അതാത് ജില്ലകളിലെ സെൻട്രൽ ബാങ്കുകൾ മുഖേനയാണ് ഈ സഹായം കൊടുക്കുന്നത്. ഇത് പൂർണ്ണമായും കൃഷിക്കാർക്ക് എത്തിച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും അതുപോലെതന്നെ എൻ. സി. ഡി. സി., നബാർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നൊക്കെ സഹായത്തിനുവേണ്ടി നമ്മൾ എത്ര രൂപയ്ക്കുള്ള പദ്ധതികളാണ് സമർപ്പിച്ചിരിക്കുന്നത്; അല്ലെങ്കിൽ എത്രയാണ് ആവശ്യപ്പെട്ടിരുന്നത്? അതിൽ എത്ര അനുവദിച്ചുകിട്ടി എന്ന് വ്യക്തമാക്കുമോ?

ശ്രീമതി എം. കമലം: അതുതന്നെയാണ് മറുപടി പറയുന്നത്. 10 ലക്ഷം രൂപയാണ് കഴിഞ്ഞ വർഷം നമ്മൾ ഉൾക്കൊള്ളിച്ചിരുന്നത്. നമ്മൾ ഉൾക്കൊള്ളിക്കുന്നതനുസരിച്ച് അവർ പണം തരുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ, നമ്മൾ എത്ര ഉൾക്കൊള്ളിക്കുന്നുണ്ടോ അത്, അവർ തരുന്ന പണം അനുസരിച്ച് നാം ചെലവഴിക്കുകയാണ്. അപ്പോഴും ബഡ്ജറ്റിൽ ഇത് ഉൾക്കൊള്ളിക്കണം. എൻ. സി. ഡി. സി. യിൽ നമ്മൾ എത്ര പണം ചെലവഴിക്കുന്നുവോ അത് അവർ തരും. അങ്ങനെയാണ് അതിൻറെ തോത്. അതനുസരിച്ച് ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: പണം കിട്ടുന്നത് യഥാർത്ഥത്തിൽ നമ്മൾ പദ്ധതി തയ്യാറാക്കി മുന്നോട്ടു പോകുന്നതനുസരിച്ചാണ്. യഥാകാലം പദ്ധതികൾ സമർപ്പിക്കാത്തതിൻറെ ഫലമായി, നമുക്ക് കിട്ടുന്ന തുക വളരെ കുറയുകയാണ് ചെയ്യുന്നത്. കിട്ടുന്നതു മാത്രമാണ് നമ്മൾ പറയുന്നത്. പ്രൊപ്പോസൽ അതിനേക്കാൾ എത്രയോ

LIBRARY ARCHIVES Kerala Legislative Assembly

ഉയർന്നതാണ്. അതുകൊണ്ട് യഥാർത്ഥത്തിൽ ആവശ്യപ്പെട്ട പദ്ധതിയിൽ എത്ര രൂപയാണ് കിട്ടിയത് എന്ന് പറയാമോ?

ശ്രീമതി എം. കമലം: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായി ശരിയല്ല. ഞാൻ ആവർത്തിച്ചു പറയുകയാണ്, കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് മുൻകൂട്ടി പണം തരുന്നുണ്ട്. ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും വേണം. ആ പണമാണ് നമ്മൾ ചെലവഴിക്കുന്നത്. വരൾച്ചയുള്ള കാലത്ത് നാം വളരെയധികം ചെലവഴിക്കുന്നു. ഈ വർഷം ഉദാഹരണമായി 20 ലക്ഷം രൂപയാണ് നമ്മൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചത്. വളരെയധികം പണം നമുക്ക് ആവശ്യമായി വരും. തീർച്ചയായും അതിന് കേന്ദ്രസഹായം ഉണ്ടാകും. ആ പണം പൂർണ്ണമായും ലഭിക്കും. നബാർഡ് അങ്ങനെയല്ല അനുവദിക്കുന്നത്. നമ്മൾ എത്രത്തോളം പദ്ധതികൾ ഉണ്ടാക്കുന്നു എന്നതിനെകൂടി ആശ്രയിച്ചാണ്. ഗോഡൗൺസ് ഉണ്ടാക്കാൻ, ഷെയർ കൊടുക്കാൻ, ലോൺസ് കൊടുക്കാൻ, മാർജിൻമണി കൊടുക്കാൻ എന്നിവയ്ക്കൊക്കെയാണ് നമ്മൾ ഈ പണം ചെലവഴിക്കുന്നത്. അതിൽ ഹൗസിങ്ങിനുവേണ്ടിയുണ്ട്, ഉപഭോക്തൃസംഘങ്ങൾക്കുണ്ട്, മാർക്കറ്റിങ്ങ് ആൻഡ് പ്രോസസ്സിങ്ങിനുവേണ്ടി ഉണ്ട്, സഹകരണസംഘങ്ങൾക്കുവേണ്ടിയുണ്ട്. ഇതെല്ലാം സ്കീം അനുസരിച്ചു നമ്മൾ കൊടുക്കുകയും നബാർഡ് അത് അനുവദിച്ചു തരുകയുമാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: 1983-84-ൽ അഞ്ചു ലക്ഷം രൂപയാണ് നമ്മൾ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നതെങ്കിലും 300 ലക്ഷം രൂപ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ചെലവാക്കി എന്നു പറഞ്ഞു. 1983-84-ൽ ആണ് ഏറ്റവും വലിയ വരൾച്ച നമ്മുടെ സംസ്ഥാനത്തുണ്ടായത്. അതിൽ പാലക്കാട് ജില്ലയിലെ മുഖ്യകൃഷിയായ നെൽക്കൃഷിയാകെ തകർന്നിരിക്കുകയാണ്. ആ ജില്ലയിലെ നെൽക്കൃഷിക്കാർ നേരിട്ട് സഹകരണ സംഘങ്ങളിൽനിന്നു ലോണായും വായ്പയായും എടുത്ത തുകയ്ക്ക് പലിശ ഇളവ് ചെയ്യുന്നതിനോ കുടിശ്ശിക നീട്ടികൊടുക്കാനോ ആയി എത്ര സംഖ്യ ഈ ഇനത്തിൽ കൊടുത്ത് അവരെ സഹായിച്ചിട്ടുണ്ട്?

ശ്രീമതി എം. കമലം: പാലക്കാട് ജില്ലയുടെ പ്രത്യേകം തിരിച്ചുള്ള കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് ഞാൻ അത് അയച്ചുകൊടുക്കുന്നതാണ്. ഇത് സംസ്ഥാന ഗവൺമെന്റ് നോൺപ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി തന്നു. പക്ഷേ ഗവൺമെന്റും മറ്റു സംസ്ഥാനങ്ങളും പ്ലാനിംഗ് കമ്മീഷനും ഒക്കെ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു. നമ്മുടെ ഗവൺമെന്റ് നോൺപ്ലാനിൽ ഉൾപ്പെടുത്തിക്കൊണ്ട് നിർത്താതെ തുടർന്നുകൊണ്ടുപോകുകയാണ്. ഇത് നിർത്തുന്ന പ്രശ്നമേയില്ല.

ശ്രീ കെ.ഇ. ഇസ്മയിൽ: ഇപ്പോൾ കാലവർഷക്കെടുതിയുടെ ഫലമായിട്ട് ഇതേ അനുഭവങ്ങൾതന്നെയാണ് ഉണ്ടായിരിക്കുന്നത്. പാലക്കാട് ജില്ലയിൽ നെല്ല് മാത്രമല്ല, കടലയും കരിമ്പും കൃഷിയുണ്ട്. അട്ടപ്പാടി മുതലായ പ്രദേശങ്ങളിൽ ഇതുപോലെ ബുദ്ധിമുട്ട് വീണ്ടും ഉണ്ടായിട്ടുണ്ട്. ഇവരെ മറ്റു മേഖലകളിൽ സഹായിക്കുന്നതിനു പകരം നേരിട്ട് സാമ്പത്തികമായി സഹായിക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ഉണ്ടോ, അതിന് ഈ ഫണ്ടിൽനിന്ന് എത്ര രൂപയാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം: സർ, പാലക്കാട് ജില്ലയുടെ പ്രത്യേകമായിട്ടുള്ള ഉത്തരം എനിക്ക് ഇപ്പോൾ പറയാൻ കഴിയുകയില്ല. കൃഷിക്കാർക്ക് 75 ശതമാനം ഗ്രാൻറായും 25 ശതമാനം ലോണായും കൊടുക്കും; അത് വരൾച്ചബാധയുള്ള പ്രദേശത്തേക്കാണ്. ഇപ്രാവശ്യം വെള്ളപ്പൊക്കംമൂലം വളരെയധികം ദുരിതങ്ങളും നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. ജില്ലാ കളക്ടർ കൃഷിനാശം ബാധിച്ച പ്രദേശമായി പ്രഖ്യാപിക്കണം. 50 ശതമാനം കൃഷിനാശം ഉണ്ടായി എന്ന് പ്രഖ്യാപിക്കുന്ന സ്ഥലത്ത് ആ കൃഷിക്കാർക്ക് തീർച്ചയായും ഗ്രാൻറായി 75 ശതമാനവും ലോണായിട്ട് 25 ശതമാനവും കൊടുക്കും. പലിശ സബ്സിഡി തുടർന്ന് കൊടുക്കുകയും ചെയ്യും. അതിന് യാതൊരു വീഴ്ചയും ഉണ്ടാകുകയില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ: ഈ തത്വങ്ങൾ അംഗീകരിക്കുന്നു എന്ന് പറഞ്ഞതല്ലാതെ വല്ലതും കൊടുക്കുന്നുണ്ടോ?

ശ്രീമതി എം. കമലം: ഇത് കൊടുക്കുന്നതിൽ എന്തെങ്കിലും വീഴ്ച യുണ്ടായിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ച് തീർച്ചയായും തുടർന്നു കൊടുക്കുന്നതാണ്.

മി. സ്പീക്കർ: ഈ പറയുന്നത് അവാസ്തവമാണെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ അതിന് വേറെ മാർഗ്ഗമുണ്ട്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടതും കിട്ടിയതുമൊക്കെ ഈ ധനകാര്യ വർഷത്തിന്റെ ആരംഭത്തിലാണ്. അതിനുശേഷംവന്ന അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിന്റെ ഫലമായി വളരെയധികം നാശനഷ്ടങ്ങൾ വന്നു. കൃഷിക്കാർക്ക് ആശ്വാസം കൊടുക്കുന്നതിനുവേണ്ടി അഡീഷണലായിട്ട് എന്തെങ്കിലും ധനസഹായം നബാർഡിനോടോ മറ്റു കേന്ദ്രഗവൺമെന്റു സ്ഥാപനങ്ങളോടോ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് ആവശ്യപ്പെട്ടിട്ടുള്ളത്?

ശ്രീമതി എം. കമലം: നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന് വെള്ളപ്പൊക്കദുരിതത്തിന് മൊത്തത്തിൽകിട്ടിയതിൽ 13 കോടിരൂപയോളം സഹകരണമേഖലയ്ക്കായിട്ട് തന്നിട്ടുണ്ട്. മറ്റുള്ള കാര്യം ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുമെന്നുതന്നെയാണ് വിശ്വാസം.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: ഞാൻ ചോദിച്ചത് അതല്ല നബാർഡിനോട് സഹകരണഡിപ്പാർട്ടുമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നാണ്. അതിനുള്ള മറുപടിയല്ല പറഞ്ഞത്.

ശ്രീമതി എം. കമലം: നബാർഡിനോട് നമ്മൾ എത്ര ആവശ്യപ്പെട്ടാലും നമ്മൾ ചെലവാക്കുന്നതിനനുസരിച്ച് അവർ തരും. നമ്മൾ അതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: എത്ര ആവശ്യപ്പെട്ടു എന്നാണ് ചോദിച്ചത്. അതിനു മറുപടി പറയുന്നില്ല. പറയാൻ കഴിയുമെങ്കിൽ പറഞ്ഞാൽ മതി. രണ്ട് കാര്യങ്ങളാണ് ഇപ്പോൾ പറഞ്ഞത്. സാധാരണ ഗതിയിൽ സ്റ്റെബിലൈസേഷൻ ഫണ്ട് എന്നുള്ളതാണ്. പ്രത്യേകിച്ച് എടുത്തു

പ്രഞ്ഞത് കൺസ്യൂമർ സഹകരണ സംഘങ്ങൾക്കുള്ള ഗ്രാൻറാണ്. ഇത് രണ്ടിനും പുറമെ മറ്റ് ഏതെങ്കിലും ഐറ്റത്തിന് സ്കീം തയ്യാറാക്കിയിട്ടുണ്ടോ, സബ്മിറ്റ് ചെയ്തിട്ടുണ്ടോ, പണം കിട്ടിയിട്ടുണ്ടോ, എന്തെല്ലാം പ്രോജക്ടാണ് സബ്മിറ്റ് ചെയ്തത്; എത്രതുകയാണ്?

ശ്രീമതി എം. കമലം: 1985-86-ലേക്ക് എൻ. സി. ഡി. സി. യോട് കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് നമ്മൾ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. 410.20 ലക്ഷം രൂപ എൻ. സി. ഡി. സി. യോടാവശ്യപ്പെട്ടിട്ടുണ്ട്. 410.20 ലക്ഷം രൂപ എൻ. സി. ഡി. സി. യോട് ആവശ്യപ്പെട്ടുകൊണ്ട് ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 350.50 ലക്ഷം രൂപ വായ്പയായിട്ടും 89 ലക്ഷം രൂപ ഓഹരിമൂലധനമായിട്ടും 11.70 ലക്ഷം രൂപ ഗ്രാൻറായിട്ടുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതുകൂടാതെ സ്റ്റെബിലൈസേഷൻ ഫണ്ടിലേക്ക് 337 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽ 317 ലക്ഷം രൂപ കൺസ്യൂമർ മേഖലയിലെ വികസനത്തിനുവേണ്ടിയും 20 ലക്ഷം രൂപ കൺവർഷൻ ഓഫ് ലോൺസിനുവേണ്ടിയുമാണ് ബഡ്ജറിൽ വച്ചിട്ടുള്ളത്. ഇത് തീർച്ചയായിട്ടും കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. എപ്പോഴൊക്കെ ചോദിച്ചിട്ടുണ്ടോ അപ്പോഴൊക്കെ കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത് പൂർണ്ണമായി ലഭിക്കുമെന്നാണ് ഗവൺമെൻറിന്റെ വിശ്വാസം.

ശ്രീ. പി. കുമാരൻ: ഓണച്ചന്തകളും സഹകരണ മാവേലിസ്റ്റോറുകളും നടത്തുന്ന സഹകരണസംഘങ്ങൾക്ക് ഇൻസെൻറീവ് ഗ്രാൻറായിട്ട് എന്തെങ്കിലും കൊടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ? അത് നടത്തിക്കൊണ്ടിരിക്കുന്ന സഹകരണസംഘങ്ങൾക്ക് കാര്യമായി നഷ്ടം വന്നുകൊണ്ടിരിക്കുകയാണ്.

ശ്രീമതി എം. കമലം: ഏകദേശം 1500 സംഘങ്ങളുണ്ട്. ഓണച്ചന്തകൾ പതിനായിരക്കണക്കിനുണ്ട്. സ്ഥിരമായി നില്ക്കുന്ന 1478-ഓളം സഹകരണ മാവേലിസ്റ്റോറുകൾ സഹകരണമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്, രണ്ടായിരം രൂപ പാരിതോഷികമായിട്ടെങ്കിലും അവർക്കു കൊടുക്കണമെന്നു കഴിഞ്ഞതിന്റെ മുൻപത്തെ വർഷം തീരുമാനിച്ചതായിരുന്നു. ഇതുവരെ കൊടുക്കാൻ സാധിച്ചിട്ടില്ല. കൺസ്യൂമർ മേഖലയിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന കാര്യം ഗവൺമെൻറ് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കുമാരൻ: അട്ടപ്പാടി ഭാഗത്തുള്ള സഹകരണസംഘങ്ങൾ അവിടത്തെ കൃഷിക്കാർക്ക് കൊടുത്ത കുടങ്ങൾക്ക് ഈ വർഷം മോറട്ടോറിയം പ്രഖ്യാപിക്കണമെന്ന് ഗവൺമെൻറിനു നിവേദനം കിട്ടിയിട്ടുണ്ടോ; അവിടം വരൾച്ച പ്രദേശമാണെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീമതി എം. കമലം: വരൾച്ചപ്രദേശമായി പ്രഖ്യാപിച്ച സ്ഥലമാണെങ്കിൽ അവരുടെ ഹ്രസ്വകാലവായ്പകളെ മദ്ധ്യകാലവായ്പകളാക്കി മാറ്റിക്കൊടുക്കും. ഞാൻ നേരത്തെ പറഞ്ഞ ഗ്രാൻറും ലോണും അനുസരിച്ചുള്ള സഹായവും കിട്ടും. അതുപോലെതന്നെ മദ്ധ്യകാല വായ്പയാണെങ്കിൽ ഇതുവരെയുള്ളത് മദ്ധ്യകാല വായ്പയാക്കി മാറ്റിവച്ച് അതിന്റെ പലിശ ഒഴിവാക്കിക്കൊടുക്കും. അത് അടയ്ക്കാനുള്ള സമയവും കൊടുക്കും. പലിശ സബ്സിഡിയും കൊടുക്കും. ഇത് പൂർണ്ണമായി നയപരമായ ചോദ്യമാണ്. അത് ആലോചിച്ചു പറയേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: കോടിക്കണക്കിന് രൂപ എൻ.സി.ഡി.സി. പോലെയുള്ള ഏജൻസികളിൽനിന്നാണ് നമുക്ക് ഗ്രാൻറായിട്ടും ലോണായിട്ടും ലഭിച്ചുകൊണ്ടിരിക്കുന്നത്. ബഡ്ജറ്റിൽ വളരെ പരിമിതമായ തുക മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ എന്നതുകൊണ്ട് കോടിക്കണക്കിന് രൂപ എൻ. സി. ഡി. സി. സഹായം ഗ്രാൻറായിട്ടും ലോണായിട്ടും കിട്ടേണ്ടതു നഷ്ടപ്പെടുന്നത് ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അത് നഷ്ടപ്പെടാതിരിക്കാൻ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീമതി എം. കമലം: എൻ. സി. ഡി. സി. യിൽനിന്ന് ലഭിക്കുന്ന തുകയ്ക്ക് ബഡ്ജറ്റിൽ വച്ച കണക്ക് ഞാൻ വായിക്കാം. ബഡ്ജറ് എപ്പോഴെല്ലാം കുറഞ്ഞിട്ടുണ്ടോ അപ്പോഴെല്ലാം ചിലവഴിച്ചത് നമുക്ക് അവർ തന്നിട്ടുണ്ട്. എൻ. സി. ഡി. സി. മുഖേന കൺസ്യൂമർ മേഖലയ്ക്കു തരുന്നതിന് ഇന്ത്യാഗവൺമെൻറിന് ഒരു പാറേറൺ ഉണ്ട്. അതായത് ഒരു സ്റേറാർ എണ്ണായിരം സ്കയർഫീറ് ഉള്ളതാണെങ്കിൽ പത്തുലക്ഷം രൂപ ഷെയറായിട്ട് തരും. നാലായിരം സ്കയർഫീറ് ഉള്ള സ്റേറാർ ഉണ്ടെങ്കിൽ അഞ്ചു ലക്ഷം രൂപ തരും. ഇങ്ങനെയുള്ള സഹായങ്ങൾ പ്രത്യേകമായ പാറേറൺ അനുസരിച്ചാണ് തരുന്നത്. അതിനെല്ലാം സ്കീമുണ്ട്. അതിനെല്ലാം പണം തരാറുണ്ട്. പണം കൂടുതൽ ചെലവാക്കാനുള്ള മാർഗ്ഗം ഗവൺമെൻറും സംഘവും ആലോചിക്കേണ്ടതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: കഴിഞ്ഞ വരൾച്ചക്കാലത്ത് നെയ്യാറിൻകര താലൂക്കിലെ പലഭാഗങ്ങളിലും കാർഷികവികസന ബാങ്കിൽ നിന്ന് ലോണെടുത്ത് വെറിലക്കൊടി കൃഷി ചെയ്തിരുന്ന ആളുകൾക്ക് അതു പൂർണ്ണമായി നഷ്ടപ്പെട്ടു. അതിൽ ആർക്കും ഒരു പൈസപോലും സബ്സിഡിയായിട്ട് കിട്ടിയില്ല. അതിനെക്കുറിച്ച് പരാതിതന്നാൽ വേണ്ട പരിഗണന നൽകാമോ?

ശ്രീമതി എം. കമലം: കാർഷിക വികസന ബാങ്കുകളിൽനിന്നു വായ്പയെടുത്തതാണെങ്കിൽ അതിന് പ്രത്യേകം പരാതിതന്നാൽ പരിശോധിച്ച് വേണ്ടതു ചെയ്യാം.

ശ്രീ. എം. എം. ഹസ്സൻ: സഹകരണ ഭവനനിർമ്മാണ മേഖലയ്ക്കു കേന്ദ്രത്തിൽനിന്ന് എന്തെങ്കിലും സഹായം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; പ്രാഥമിക സംഘങ്ങൾക്കൊക്കെ അർഹതപ്പെട്ട ഇൻറർസ്റേറ് സബ്സിഡി ഇതുവരെ കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. അത് കൊടുക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി എം. കമലം: സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷന് ഇപ്രാവശ്യം 45 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവർക്ക് ആവുന്ന സഹായം ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രൈമറി സംഘങ്ങളുടെ കാര്യം ശ്രീ. ഹസ്സൻ ഇവിടെ എടുത്തുപറഞ്ഞു. അത് അനുഭാവപൂർവ്വം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly